ചാത്തന്നൂർ ഡിപ്പോയിൽ അനുവദിച്ച ഡീസൽ പമ്പിന്റെ പ്രവർത്തനം

132 [3141] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ അനുവദിച്ച ഡീസൽ പമ്പിന്റെ പ്രവർത്തനം ഏതു ഘട്ടംവരെയായി എന്നു വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഡീസൽ പമ്പ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) ഐ.ഒ.സി.-യുമായി ഇതു സംബന്ധിച്ച കറസ്പോണ്ടൻസ് നടത്തിക്കൊണ്ടിരിക്കയാണ്. കൃത്യമായ തീയതി പറയാൻ നിർവ്വാഹമില്ല.

മോട്ടോർ വാഹനങ്ങളിലെ ഗ്യാസ് കണക്ഷൻ

133 [3142] ശ്രീ വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനങ്ങളിൽ പെട്രോളിനും ഡീസലിനും പകരം ഗ്യാസ് ഉപയോഗിക്കുമ്പോൾ സർക്കാർ നിഷ്കർഷിക്കുന്ന ഗ്യാസ് ടാങ്കുകൾ ഘടിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഗവൺമെന്റ് അംഗീകരിച്ച ടാങ്കുകൾ അടങ്ങുന്ന കൺവെർഷൻ കിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(സി) ഗ്യാസ് ടാങ്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്തെങ്കിലും ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) പാചകവാതകം വാഹന ഇന്ധനമായി ഉപയോഗിക്കുന്നത് നിരോധിച്ചിട്ടുണ്ടോ;

(ഇ) ടാങ്ക് അടക്കമുള്ള കിറ്റ് ഘടിപ്പിക്കാൻ എന്ത് ചെലവ് വരും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) വാതക ഇന്ധനം നിറയ്ക്കാൻ പറ്റുന്നതരത്തിലുള്ള പമ്പുകൾ കേരളത്തിൽ ആവശ്യത്തിനുണ്ടോ; ഇപ്പോൾ എവിടെയെല്ലാമാണ് ഇപ്രകാരമുള്ള പമ്പുകൾ ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എ.ആർ.എ.ഐ. (പൂനെ), വി.ആർ.ഡി.ഇ. (അഹമ്മദ് നഗർ) തുടങ്ങിയ സ്ഥാപനങ്ങളുടെ അംഗീകാരം ഉള്ള എൽ.പി.ജി. കിറ്റുകളാണ് പെട്രോൾ വാഹനങ്ങളിൽ ഘടിപ്പിക്കേണ്ടത്. ഡീസൽ വാഹനങ്ങളിൽ ഘടിപ്പിക്കുന്നതിന് എൽ.പി.ജി. കിറ്റുകൾ അംഗീകരിക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly